(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോസ്റ്റലുകളുടെ അടുക്കളയിലും മറ്റും ശുചിത്വം പാലിക്കുന്നില്ലെന്ന പരാതിയിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) എല്ലാ പട്ടികവർഗ്ഗ ഹോസ്റ്റലുകളിലും ഫുൾ ടൈം വാർഡൻമാരേയും ട്യൂട്ടർമാരെയും നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) ഹോസ്റ്റലുകളിലെ അറ്റകുറ്റപ്പണികൾ സമയത്തിന് തന്നെ നടത്തുവാൻ വേണ്ട പണം സർക്കാർ അനുവദിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നന്നാക്കുന്നതിനാവശ്യമായ പല നടപടികളും സ്വീകരിച്ചുവന്നു. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ ചില സാങ്കേതിക ബുദ്ധിമുട്ടുണ്ട്.

(ബി) പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടുക്കളയിലും മറ്റും ശുചിത്വം പാലിക്കുന്നതിന് വേണ്ടി ആവശ്യാനുസരണം പാത്രങ്ങളും മറ്റു ഉപകരണങ്ങളും വാങ്ങി നൽകി വരുന്നു. സൗകര്യങ്ങൾ ഉള്ള ഹോസ്റ്റലുകളിൽ ഗ്യാസ് കണക്ഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളോട് അനുബന്ധിച്ച് സൗകര്യപ്രദമായ അടുക്കളകൾ നിർമ്മിച്ച് നൽകി വരുന്നു. പാചക സാധനങ്ങളും, പാത്രങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതിന് പ്രോജക്ട് ആഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഫുൾടൈം വാർഡൻമാരാണ് നിലവിലുള്ളത് ഫുൾടൈം ട്യൂട്ടർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) അനുവദിക്കുന്നതാണ്.

പട്ടികജാതി സങ്കേതങ്ങൾ

10 (158) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി സങ്കേതങ്ങൾ എറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഇവ നടപ്പിലാക്കിയത് ;

(സി) ഈ സങ്കേതങ്ങളിലെല്ലാമായി ആകെ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചു ;

(ഇ) പട്ടികജാതി - വർഗ്ഗ സങ്കേതങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(എഫ്) ഈ സങ്കേതങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 352 പട്ടികജാതി സങ്കേതങ്ങൾ തീവ്രസങ്കേത വികസന പരിപാടി നടപ്പാക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പട്ടികജാതി സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയാണ് സങ്കേതങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം. പട്ടികവർഗ്ഗ സങ്കേതങ്ങൾ ഏറ്റെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(എഫ്) പട്ടികജാതി സങ്കേതങ്ങളിൽ വീട്, ശുദ്ധജലം, വൈദ്യുതി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ ഓരോ വർഷവും നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനനിർമ്മാണം, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനാണ് മുൻഗണന നൽകി വരുന്നത്.

കായംകുളത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

11 (159) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) കായംകുളം എം.എസ്.എം. കോളേജ്, ടി.കെ.എം.ആർട്സ് കോളേജ്, നങ്ങ്യാർകുളങ്ങര എന്നിവിടങ്ങളിൽ പഠിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ആകെ എണ്ണം 1999-2000-ാമാണ്ടിലെ കണക്ക് പ്രകാരം വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly